കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A. No.342/16, 452/16, OA No. 459/16 എന്നിവയിന്മേലുള്ള നിർദ്ദേശം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1376/2016/തസ്വഭവ.    തീയതി, തിരുവനന്തപുരം, 31.03.2016.

=====================================================================

**പരാമർശം :**
1) 23.03.2013 തീയതിയിലെ സ.ഉ. (സാധാ) നം. 773/13/തസ്വഭവ.
2) പാലക്കാട് മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. വി.കെ.രാജന് (ഇപ്പോൾ സെക്രട്ടറി, ആലുവ മുനിസിപ്പാലിറ്റി) നൽകിയ 17.06.2015 തീയതിയിലെ തസ്വഭവ-ഇയു1/254/15-തസ്വഭവ. നമ്പർ കുറ്റപത്രം.
3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ശ്രീ. എസ്. ജയകുമാർ, സെക്രട്ടറി, അങ്കമാലി മുനിസിപ്പാലിറ്റി ഫയൽ ചെയ്ത O.A. No. 452/16 ന്മേലുള്ള 02.03.2016 തീയതിയിലെ ഉത്തരവ്.
4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ശ്രീ. പി. മുരളീധരൻ, അസിസ്റ്റന്റ് സെക്രട്ടറി, തൃശൂർ നഗരസഭാ വൈദ്യുത വിഭാഗം ഫയൽ ചെയ്ത O.A. No. 459/16 ന്മേലുള്ള 02.03.2016 തീയതിയിലെ ഉത്തരവ്.
5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ശ്രീ. വി.കെ.രാജൻ, സെക്രട്ടറി, ആലുവ മുനിസിപ്പാലിറ്റി ഫയൽ ചെയ്ത O.A. No. 342/16 ന്മേലുള്ള 04.03.2016 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

ശ്രീ. പി. മുരളീധരൻ, ശ്രീ. എസ്. ജയകുമാർ എന്നീ ഗ്രേഡ് II മുനിസിപ്പൽ സെക്രട്ടറിമാർ തങ്ങൾക്ക് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് I തസ്തികയിലേക്ക് പ്രൊമോഷൻ നൽകണമെന്നാവശ്യപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ യഥാക്രമം O.A. No. 459/16, O.A. No.452/16 എന്നീ കേസുകൾ ഫയൽ ചെയ്യുകയും, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് I ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. വി.കെ. രാജൻ, അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേക്ക് പ്രമോഷൻ നൽകണമെന്നാവശ്യപ്പെട്ട് O.A. No. 342/16 കേസും ഫയൽ ചെയ്തു.

2) മൂന്നും നാലും പരാമർശിത ഉത്തരവുകൾ പ്രകാരം റഗുലർ പ്രമോഷനോ പ്രൊവിഷണൽ പ്രൊമോഷനോ നടത്തുകയാണെങ്കിൽ പരാതിക്കാരുടെ യോഗ്യതയും മറ്റ് വ്യവസ്ഥകളും കണക്കിലെടുത്ത് പ്രമോഷന് ടിയാളുകളെക്കൂടി പരിഗണിക്കണമെന്നും 5-ാം ഉത്തരവ് പ്രകാരം ഒന്നാം എതിർകക്ഷിയായ സർക്കാർ ടി വിഷയത്തിൽ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം ഉചിതമായ തീരുമാനമെടുക്കണമെന്നും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായി. 5-ാം പരാമർശിത ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭിച്ചത് 16.03.2016 തീയതിയിലാണ്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. KS&SSR ഭാഗം II ചട്ടം 28(b) (i) (7)-ന്റെ കുറിപ്പ് 1 പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയിട്ടുള്ള ഉദ്യോഗസ്ഥനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്രമപ്രകാരമുള്ള സ്ഥാനക്കയറ്റത്തിന് അർഹതയുള്ള ഉദ്യോഗസ്ഥർക്ക് മാത്രമേ താല്ക്കാലിക സ്ഥാനക്കയറ്റം അനുവദിക്കാൻ സാധിക്കുകയുള്ളൂ. ശ്രീ.വി.കെ.രാജന് പരാമർശം രണ്ട് പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി തുടർന്നു വരികയാണ്. ഈ സാഹചര്യത്തിൽ കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയിട്ടുള്ള ശ്രീ.വി.കെ. രാജന് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കാനാവില്ല. കൂടാതെ KS&SSR ഭാഗം II ചട്ടം 28(b) (i) (7)-ന്റെ കുറിപ്പ് 2 പ്രകാരം ഒന്നാം പരാമർശിത ഉത്തരവ് പ്രകാരം 3 വാർഷിക വേതന വർദ്ധനവ് തടയപ്പെട്ട ശ്രീ.എസ്. ജയകുമാറിനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തണമോ എന്ന കാര്യം ഡി.പി.സി.യാണ് പരിഗണിക്കേണ്ടത്. ഇത് പൂർണ്ണമായും ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ വിവേചനാധികാരത്തിൽ വരുന്ന വിഷയമാണ്. ടിയാനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി തീരുമാനിച്ചാൽ മാത്രമേ ടിയാന് ക്രമപ്രകാരമുള്ള സ്ഥാനക്കയറ്റത്തിനുള്ള അർഹത സിദ്ധിക്കുകയുള്ളൂ. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികളുടെ ഭാഗമായുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് പരിശോധിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ ശ്രീ. എസ്. ജയകുമാറിന് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കാൻ നിർവ്വാഹമില്ല. ശ്രീ. പി. മുരളീധരന്റെ സീനിയർമാരായ ശ്രീ. എസ്.ജയകുമാർ., ശ്രീ. കെ.റ്റി. ജയിംസ്, ശ്രീ. കെ.എസ്. മുരളീധരൻ നായർ എന്നിവരുടെ പ്രൊമോഷൻ നടക്കാത്ത സാഹചര്യത്തിൽ സീനിയോറിറ്റി മറികടന്ന് ശ്രീ. പി. മുരളീധരന് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് I ആയി സ്ഥാനക്കയറ്റം നൽകാനും നിർവ്വാഹമില്ല. മേൽ വിവരിച്ച സാഹചര്യത്തിൽ സ്ഥാനക്കയറ്റം നൽകണമെന്ന പരാതിക്കാരുടെ ആവശ്യം നിരസിച്ച് പരാമർശം 3,4,5 ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**രത്നമ്മ.വി,**
**ജോയിന്റ് സെക്രട്ടറി.**

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
(ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശൂർ.
ശ്രീ. എസ്. ജയകുമാർ, സെക്രട്ടറി, അങ്കമാലി നഗരസഭ.
ശ്രീ. വി. കെ. രാജൻ, സെക്രട്ടറി, ആലുവ നഗരസഭ
ശ്രീ. പി. മുരളീധരൻ, അസിസ്റ്റന്റ് സെക്രട്ടറി, തൃശൂർ നഗരസഭ.
} നഗരകാര്യ ഡയറക്ടർ മുഖേന

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**